# The Mar Thoma Church
# Diocese of North America & Europe

## വയോജന ദിന ആരാധനക്രമം 2021

September 19, 2021

**ആരാധന ആഹ്വാനം**

ലീഡർ : *"വരുവിൻ, നാം യഹോവയ്ക്ക് ഉല്ലസിച്ചുഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറയ്ക്ക് ആർപ്പിടുക. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക".* സങ്കീർത്തനം 95:1,2

ലീഡർ : തങ്ങളുടെ ദൈവീക ഉപദേശങ്ങളിലൂടെയും, ജീവിത അനുഭവങ്ങളിലൂടെയും പിൻതലമുറ കൾക്ക് വിവേകവും അനുഭവജ്ഞാനവും പകർന്നു നൽകിയ നമ്മുടെ മാതാപിതാക്കൾ ഉൾപ്പെട്ട മുതിർന്ന തലമുറയെ ഈ സുദിനത്തിൽ ഓർക്കുകയും, അവർക്കുവേണ്ടി നമുക്ക് സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുകയും ചെയ്യാം. മുതിർന്നവരിൽക്കൂടി വ്യക്തികളായും ആരാധനാസമൂഹമായും വിശ്വാസസമൂഹത്തിന്റെ ജയാപജങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഇന്നത്തെ യുവതലമുറയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങൾക്കും ദർശനങ്ങൾക്കുമായി ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം. സങ്കീർത്തനക്കാരനോടു ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം. 'ദൈവമേ, അടുത്ത തലമുറയോടു ഞാൻ നിന്റെ ഭുജത്തെയും വരുവാനുള്ള എല്ലാവരോടും നിന്റെ വീര്യപ്രവൃത്തിയേയും അറിയിക്കുവോളം വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ'(സങ്കീ. 21:18). ദൈവത്തിന്റെ അനുഗ്രഹങ്ങളും കൃപയും നിരന്തരമായി മുതിർന്ന തലമുറയ്ക്ക് ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

### കൗമ
### പ്രാരംഭപ്രാർത്ഥന

ഞങ്ങളുടെ മാതാപിതാക്കന്മാരുടെ ദൈവമേ, വയോജനദിനമായി കൊണ്ടാടുന്ന ഈ ദിവസം അങ്ങയെ ആരാധിപ്പാൻ നൽകിയ അവസരത്തിന് ഞങ്ങൾ നന്ദികരേറ്റുകയും സ്തോത്രമർപ്പിക്കുകയും ചെയ്യുന്നു. ഭവനങ്ങൾ ക്കുള്ളിൽ ഒതുങ്ങിക്കൂടുവാനും മറ്റുള്ളവരോട് നേരിട്ട് ഇടപെടുവാൻ കഴിയാതെ, സാമൂഹ്യ അകലം പാലിക്കുവാനും നിർബന്ധിതരായിരിക്കുന്ന ഈ സാഹചര്യത്തിൽ, ആരാധനയ്ക്ക് ഭംഗം വരാതെ, ഞങ്ങൾ പിന്തുടർന്നിരുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി ആരാധിക്കുവാൻ ഒരുക്കിയ ഈ സംവിധാനത്തിനായി സ്തോത്രം. മാനവരാശി മുഴുവൻ കോവിഡ്-19 എന്ന മഹാമാരിയുടെ ഭീഷണിയിൽ ഭയപ്പെട്ടുകഴിയുന്നു. അനേക ജീവിതങ്ങൾ പൊലിഞ്ഞു. രോഗബാധിതരായി പലരും ആശുപത്രികളിലും ആതുരശാലകളിലും ഇടംതേടിയിരിക്കുന്നു. രോഗബാധയും വ്യാപനവും തടയുവാൻ മുതിർന്ന പൗരൻന്മാർക്ക് വീടുകൾക്കുള്ളിൽ കഴിയേണ്ടിവരുന്നു. വയോജനദിനമായി ഞങ്ങൾ ആചരിക്കുമ്പോൾ മാറ്റങ്ങളുടെയും പ്രതിസന്ധികളുടേയും മദ്ധ്യത്തിൽ, അങ്ങയുടെ മാറ്റമില്ലാത്ത സാന്നിദ്ധ്യവും കരുതലും, നടത്തിപ്പും അനുഭവമാക്കുവാൻ സഹായിക്കണമെ. ഈ ആരാധന ഞങ്ങൾക്ക് സമർപ്പണത്തിന്റെയും പുതുശക്തിയുടെയും അനുഭവമാക്കിത്തീർക്കണമേ. ഞങ്ങൾ ചെയ്യുന്നതെല്ലാം അങ്ങയുടെ രാജ്യത്തിന്റെ വർദ്ധനവിനും മഹത്വത്തിനും മുഖാന്തിരമാകണമേ. യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന കേൾക്കണമേ.

## പ്രത്യേക പ്രാർത്ഥനകൾ

ലീഡർ : *"വാർദ്ധക്യകാലത്ത് നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കുകയുമരുതേ".* സങ്കീർത്തനം 71:9
ജനം : ദൈവമേ, അങ്ങയുടെ വാഗ്ദാനങ്ങൾ ഓർക്കുവാനും അങ്ങ് ഞങ്ങളെ തള്ളിക്കളയുകയില്ല. ഉപേക്ഷിക്കുകയുമില്ല എന്നു തിരിച്ചറിവാനും സഹായിക്കണമേ.

ലീഡർ : *"നീതിമാൻ പനപോലെ തഴയ്ക്കും; ലെബാനോനിലെ ദേവദാരുപോലെ വളരും. യഹോവയുടെ ആലയത്തിൽ നട്ടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴയ്ക്കും. വാർധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും".* സങ്കീർത്തനം 92:12-14
ജനം : ദൈവമേ, അങ്ങയുടെ വചനം ഹൃദിസ്ഥമാക്കുവാനും, ആത്മാവിൽ വളർന്ന് അധികം ഫലം കായ്ക്കുവാനും ഞങ്ങളെ സഹായിക്കണമേ.

ലീഡർ : *"വൃദ്ധന്മാരുടെ പക്കൽ ജ്ഞാനവും വയോധികന്മാരിൽ വിവേകവും ഉണ്ട്".* ഇയ്യോബ് 12:12

ജനം : ദൈവമേ, ഞങ്ങളുടെ ബുദ്ധിയുടെയും പരിജ്ഞാനത്തിന്റെയും ഉറവിടം അങ്ങാണെന്ന് ഓർക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

ലീഡർ : *''നരച്ചവന്റെ മുമ്പാകെ എഴുന്നേല്ക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം; ഞാൻ യഹോവ ആകുന്നു".* ലേവ്യപുസ്തകം 19:32
ജനം: ദൈവമേ ഞങ്ങളുടെ മുതിർന്ന തലമുറയെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

ലീഡർ : *"നിന്നെ ജനിപ്പിച്ച അപ്പന്റെ വാക്കു കേൾക്ക; നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്".* സദൃശ്യവാക്യങ്ങൾ 23:22
ജനം : ദൈവമേ ഞങ്ങളുടെ മാതാപിതാക്കന്മാർക്ക് അർഹമായ പരിഗണന നൽകുവാൻ ഞങ്ങളെ സഹായിക്കണമേ.

ലീഡർ : *"എന്റെ ദാസനായ യാക്കോബു നിമിത്തവും എന്റെ വൃതനായ യിസ്രായേൽ നിമിത്തവും ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു".* യെശയ്യാവ് 45:4
ജനം : ദൈവമേ അങ്ങയുടെ വാഗ്ദാനങ്ങൾ ഓർക്കുവാനും, ഇത്രത്തോളം ഞങ്ങളെ നയിച്ച അതിശയകരമായ വഴികളെ പരിചിന്തനം ചെയ്യുവാനും വരുവാനുള്ള മഹത്വപ്രത്യക്ഷതക്കായി ഒരുങ്ങിക്കാത്തിരിപ്പാനും ഞങ്ങളെ സഹായിക്കണമേ.

## സ്തോത്രപ്രാർത്ഥന

ലീഡർ : ധന്യമായ പൈതൃകം ഞങ്ങൾക്കു കൈമാറി നിത്യതയിലേക്ക് പ്രവേശിച്ച ഞങ്ങളുടെ മാതാപിതാക്കന്മാരുടെയും മുതിർന്ന തലമുറകളുടെയും പരിജ്ഞാനത്തിനും വിശ്വാസസ്ഥിരതയ്ക്കുമായി, ദൈവമേ.
ജനം: ഞങ്ങൾ അങ്ങേയ്ക്കു നന്ദി കരേറ്റുന്നു.

ലീഡർ : ചുരുക്കം ചില നഗരങ്ങളിലെ അപ്പാർട്ടുമെന്റുകളിൽ ചെറിയ പ്രാർത്ഥനാക്കൂട്ടങ്ങളായി ആരംഭിച്ചു മറ്റുസഭകളുടെ ഹോളുകളിലും ദേവാലയങ്ങളിലും ആരാധനകൾ നടത്തി പിൽക്കാലത്ത് മാർത്തോമ്മാ സഭയുടെ വടക്കേ അമേരിക്കൻ സോണായും, തുടർന്ന് വടക്കേ അമേരിക്കയിലും, യൂറോപ്പിലുമായി ഇടവകകളും കോൺഗ്രീഗേഷനുകളുമുള്ള ഭദ്രാസനമായി വളരുന്നതിനും തന്മൂലം വരുംതലമുറയ്ക്ക് സൗകര്യപ്രദമായി ആരാധി ക്കുവാൻ സൗകര്യമൊരുക്കുകയും ചെയ്ത വിശ്വാസ പാരമ്പര്യത്തിനായി ദൈവമേ.
ജനം: ഞങ്ങൾ അങ്ങേയ്ക്ക് നന്ദി കരേറ്റുന്നു.

ലീഡർ : അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിമാർ, മറ്റ് തിരുമേനിമാർ, പ്രത്യേകിച്ചും ദർശനത്തോടും സമർപ്പണത്തോടും നമ്മുടെ ഭദ്രാസനത്തെ നയിക്കുന്ന അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പ തിരുമേനി എന്നിവരുടെയും വന്ദ്യ വൈദികരുടെയും ഇടയ ശുശ്രൂഷകൾക്കും ആത്മായരുടെ സന്നദ്ധ സേവനങ്ങൾക്കായും ദൈവമെ,
ജനം: ഞങ്ങൾ അങ്ങേയ്ക്കു നന്ദികരേറ്റുന്നു.

ലീഡർ : ഞങ്ങൾ അധിവസിക്കുന്ന ഈ രാജ്യത്തിനുവേണ്ടിയും ലഭിക്കുന്ന എല്ലാ അവസരങ്ങൾക്കും സാദ്ധ്യതകൾക്കും, അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനും ആനുകൂല്യങ്ങൾക്കായും ദൈവമേ.
ജനം: ഞങ്ങൾ അങ്ങേയ്ക്ക് നന്ദി കരേറ്റുന്നു.

ലീഡർ :കോവിഡ്-19 ന്റെ മാരകമായ വലയത്തിൽ നിന്നും ഇത്രയും നാൾ രക്ഷിച്ചതിനായും, രോഗം പിടിപെട്ടവർക്കും രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നവർക്കും നൽകിയ സൗഖ്യത്തിനായും ദൈവമേ.
ജനം: ഞങ്ങൾ അങ്ങേയ്ക്ക് നന്ദി കരേറ്റുന്നു.

ലീഡർ :തങ്ങളുടെ ജീവനും ആരോഗ്യവും സുഖസൗകര്യങ്ങളും വകവയ്ക്കാതെ അപകടകരമായ സാഹചര്യങ്ങളിൽ മറ്റുള്ളവരുടെ ജീവൻ കാത്തുരക്ഷിക്കാനായി രാപകലെന്യേ അക്ഷീണം സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്കായി ദൈവമേ.
ജനം: ഞങ്ങൾ അങ്ങേയ്ക്ക് നന്ദി കരേറ്റുന്നു.

## സമർപ്പണ പ്രാർത്ഥന
(എല്ലാവരും ചേർന്ന്)

ഞങ്ങൾക്ക് നൽകിയ ജീവിതത്തിനായും ദിനംതോറും വർഷിപ്പിക്കുന്ന അനുഗ്രഹങ്ങൾക്കായും സ്തോത്രം. അങ്ങയിൽ ആശ്രയിക്കുന്നതിൽകൂടെ ലഭിക്കുന്ന, സകലബുദ്ധിയെയും കവിയുന്ന സമാധാനം അനുഭവമാക്കുവാൻ സഹായിക്കണമേ. ഞങ്ങളെക്കുറിച്ചുള്ള തിരുഹിതം ഗ്രഹിച്ച് ഞങ്ങളുടെ വാക്കിൽക്കൂടെയും പ്രവർത്തനങ്ങളിൽകൂടെയും അത് നിവർത്തിക്കുവാൻ കൃപതരണമേ. ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ ഞങ്ങളുടെ ജീവിതം ക്ലേശരഹിതമാക്കുവാൻ ത്യാഗപൂർവ്വം സേവനമനുഷ്ഠിക്കുന്നവരോട് നന്ദിയുള്ളവരായിരിക്കുവാൻ സഹായിക്കണമേ ഞങ്ങളുടെ മനസ് ചഞ്ചലപ്പെടുമ്പോൾ അങ്ങ് ഞങ്ങൾക്ക് ഉറപ്പുള്ള പാറയായിരിക്കണമേ, കൊടുങ്കാറ്റുകളുടെ നടുവിൽ മറയായിരുന്ന് വാർദ്ധകൃത്തിൽ കരം പിടിച്ച് നടത്തുന്ന സാന്നിദ്ധ്യം അനുഭവമാക്കുവാൻ സഹായിക്കണമേ. കാലുകൾ ഇടറുമ്പോൾ അങ്ങയുടെ തോളിൽ വഹിച്ച് നയിക്കണമേ. മറ്റുള്ളവർ അങ്ങയുടെ സ്നേഹം മനസിലാക്കുവാൻ ഞങ്ങളെ കൃപാമുഖാന്തിരങ്ങളായി മാറ്റേണമേ, സകലവും ഞങ്ങൾക്കുവേണ്ടി ജീവൻ വെടിഞ്ഞ പ്രിയ രക്ഷകനായ യേശുവിന്റെ നാത്തിൽ തന്നെ.

## ആശീർവാദം

പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിന്റെ കൃപയും സ്നേഹവും അനുഗ്രഹങ്ങളും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ ആമേൻ

***************************